പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 3390 14/10/2011 ൽ മറുപടിയ്ക്ക്

## വയോജന നയത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ

ചോദ്യം ഉത്തരം

ശ്രീ. രമേശ് ചെന്നിത്തല :
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഷാഫി പറമ്പിൽ:

ഡോ. എം.കെ. മുനീർ:
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വർദ്ധിച്ചുവരുന്ന വയോജന സംഖ്യ നമ്മുടെ നിലവിലുള്ള സാമൂഹിക അന്തരീക്ഷത്തേയും , അവസ്ഥയേയും എപ്രകാരം സ്വാധീനിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള പഠന നടപടികൾ സ്വീകരിക്കുമോ; | (എ) പരിശോധിച്ചിട്ടുണ്ട് |
| (ബി) വയോജന നയത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് മുൻസർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (ബി) വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാൻ സംസ്ഥാന കൗൺസിലും ജില്ലാതല കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. വൃദ്ധസദനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതു സംബന്ധിച്ചുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനുമായി വയോജന കൗൺസിൽ അംഗങ്ങളുടെ സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് . മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007, റൂൾസ് 2009 നിലവിൽ വന്നിട്ടുണ്ട്. ഓരോ സബ് ഡിവിഷനിലും മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിക്കുകയും റവന്യൂ |

| | |
|---|---|
| | ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിന്റേയും പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>ഓരോ ജില്ലയിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ജില്ലാ കളക്ടർമാരെ ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി പദവി നൽകുകയും ചെയ്തിട്ടുണ്ട്<br>മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സംസ്ഥാന കൗൺസിലും ജില്ലാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട് .<br>ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നതും ചികിത്സയ്ക്കു ശേഷം സംരക്ഷിക്കാനാളില്ലാത്തതു കാരണം ആശുപത്രികളിൽ തന്നെ കഴിഞ്ഞുവരുന്നതുമായ വൃദ്ധജനങ്ങളെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൃദ്ധസദനങ്ങൾക്കും ഡേ കെയർ സെന്ററുകൾക്കും ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതി അനുവദിച്ചിട്ടുണ്ട് . വയോജന നയത്തിന്റെ അടിസ്ഥാനത്തിൽ ഇവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വയോമിത്രം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി |

R. Vijay...

സെക്ഷൻ ഓഫീസർ